**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1873** **08-10-2021 - ൽ മറുപടിയ്ക്ക്**

**നാടൻ ആടിനങ്ങളുടെ സംരക്ഷണവും വംശവർദ്ധനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാടൻ ആടിനങ്ങളുടെ സംരക്ഷണവും വംശവർദ്ധനവും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. ഗോട്ട് സാറ്റലൈറ്റ് പദ്ധതി 2. വ്യാവസായിക അടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി 3. RKI പദ്ധതിയിൽ ഉൾപ്പെട്ട ആട് വളർത്തൽ പദ്ധതി 4. National Livestock Mission ന്റെ ഭാഗമായി നടപ്പിലാക്കുന്ന ആട് വളർത്തൽ പദ്ധതി |
| (ബി) | ഔഷധവീര്യമുള്ള ആട്ടിൻപാൽ സംസ്കരിച്ച് വിപണനം സാധ്യമാകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ; | (ബി) | ആട്ടിൻ പാൽ സംസ്കരിച്ച് വിപണനം ചെയ്യുന്നതിനുള്ള പദ്ധതികൾ മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ചിട്ടില്ല. |
| (സി) | കൂത്തുപറമ്പ് മണ്ഡലത്തിൽ നാടൻ ആടിനങ്ങളുടെ സംരംക്ഷണവും വംശവർദ്ധനവും ഉറപ്പാക്കാൻ ആട് ഗ്രാമം പദ്ധതി അനുവദിക്കാമോ? | (സി) | മൃഗസംരക്ഷണ വകുപ്പ് മുഖേന കണ്ണൂർ ജില്ലയിൽ നിലവിൽ ആട്ടുഗ്രാമം പദ്ധതി നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ